# എന്താണ് ആരോഗ്യം? എന്താണ് ശാസ്ത്രം?

ആരോഗ്യത്തെക്കുറിച്ച് ഏറെ ചിന്തിക്കുകയും ആശങ്കപ്പെടുകയും ചെയ്യുന്ന ഒരു സമൂഹമാണ് കേരളം. സ്പെഷ്യാലിറ്റി ആശുപത്രികൾ മുതൽ പ്രകൃതിജീവനകേന്ദ്രങ്ങൾ വരെ നീളുന്ന ധാരകളിലായി ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ചികിത്സാലയങ്ങളുള്ള നാട്. ദരിദ്രജനവിഭാഗങ്ങൾക്ക് ആശ്രയമേകുന്ന ആതുരാലയങ്ങൾ അതിദയനീയാവസ്ഥയിൽ തുടരുമ്പോഴും സ്വകാര്യമേഖലയിൽ ഒരു വ്യവസായമെന്നപോലെ ആശുപത്രികൾ തഴച്ചുവളരുന്ന കാഴ്ചയും കേരളത്തിൽ സുലഭം. ഒപ്പം, ആരോഗ്യത്തെക്കുറിച്ച് നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്ന നിരവധി ആനുകാലികങ്ങൾ, പ്രതിദിന ടെലിവിഷൻ-റേഡിയോ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ, ഒട്ടേറെ സമാന്തര തെറാപ്പികൾ...എന്നിങ്ങനെ നീളുന്നു മലയാളികളുടെ ചികിത്സാന്വേഷണങ്ങൾ. ആരോഗ്യം എന്ന വിഷയം ഇത്രയേറെ സംസാരിക്കുന്ന ഒരന്തരീക്ഷം ഉണ്ടായിരുന്നിട്ടും തികച്ചും വ്യക്തികേന്ദ്രീകൃതമായതും ചികിത്സാവ്യവസ്ഥയിൽ ഊന്നിയതുമായ ആരോഗ്യ കാഴ്ചപ്പാടാണ് കേരളത്തിന്റെ പൊതുബോധത്തിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നത്. ആരോഗ്യം ഒരു സാമൂഹിക വിഷയം കൂടിയാണെന്ന ചിന്ത വേരറ്റുതുടങ്ങിയതോടെ കേരളം കൂടുതൽ രോഗാതുരമായിത്തീർന്നു. രോഗം വന്നവരെ ചികിത്സിക്കുക എന്നതിന് പ്രാമുഖ്യം നൽകുന്ന ആധുനിക വൈദ്യശാസ്ത്രത്തിന്റെ സമീപനം സ്റ്റേറ്റിന്റെ പൊതുസമീപനമായി മാറി. ആധുനിക ചികിത്സാവ്യവസ്ഥിതി സ്റ്റേറ്റ് മെഷിനറിയുടെ ഭാഗമായതോടെ അതിനോട് വിയോജിക്കുന്നവരെല്ലാം ദേശദ്രോഹികളും ശാസ്ത്രവിരുദ്ധരുമായി മുദ്രകുത്തപ്പെട്ടു. ആധുനിക വൈദ്യശാസ്ത്രം വിമർശനങ്ങൾക്കതീതമായ 'വിശുദ്ധമത'മായി മാറുന്നതിന്റെ ഫാസിസ്റ്റ് പ്രവണതകൾ ഇന്ന് കേരളത്തിൽ വളരെ പ്രകടമാണ്. വാക്സിനേഷനുമായി ബന്ധപ്പെട്ട വാദങ്ങളിലാണ് അത് കൂടുതൽ ദൃശ്യപ്പെടുന്നത്. 'ശാസ്ത്രത്തിന്റെ ആധികാരികത' ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണെന്ന അത്യന്തം അപകടകരമായ സാഹചര്യമാണ് ഈ വാദങ്ങളിലൂടെ സംജാതമായിരിക്കുന്നത്.

എല്ലാ രോഗങ്ങളെയും വാക്സിൻ വഴി പ്രതിരോധിക്കുന്നതിനുള്ള പരീക്ഷണങ്ങൾ ഇന്ന് നടക്കുന്നുണ്ട്. വാക്സിനേഷൻ എന്നത് ആരോഗ്യമേഖലയുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടാൻ പോകുന്നു എന്നാണ് വർത്തമാനകാല വാക്സിൻ പരീക്ഷണങ്ങൾ വ്യക്തമാക്കുന്നത്. ഹൃദ്രോഗത്തെ തടഞ്ഞുനിർത്താനുള്ള ഓറൽ വാക്സിൻ നിർമ്മിക്കുന്നതിനുള്ള പരീക്ഷണം പോലും ഇന്ത്യയിൽ നടക്കുന്നതായി 2014 ഫെബ്രുവരി 23ന് 'ദി വീക്ക്' മാസിക റിപ്പോർട്ട് ചെയ്തിരുന്നു. രോഗങ്ങളെ നിർണ്ണയിക്കുന്ന ഒട്ടേറെ ഘടകങ്ങൾ സാമൂഹികമായിരിക്കുമ്പോഴും പരിഹാരം എന്നത് കൃത്രിമ പ്രതിരോധം ആർജ്ജിക്കുക എന്നതിലേക്ക് ചുരുക്കുകയാണ് ആധുനിക വൈദ്യശാസ്ത്രം. ശാസ്ത്രീയമായ അറിവുകൾ സത്യസന്ധവും ലളിതവുമായി സമൂഹത്തോട് പങ്കുവച്ച്, യുക്തിഭദ്രമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള അവസരം ജനങ്ങൾക്ക് നൽകുന്നതിനുപകരം മാസ്ഹിസ്റ്റീരിയ സൃഷ്ടിച്ചുകൊണ്ട് വാക്സിനേഷൻ വ്യാപകമാക്കുന്നതിനുള്ള ശ്രമമാണ് ആധുനിക വൈദ്യശാസ്ത്രം നടത്തുന്നതെന്ന് സൂക്ഷമമായി നിരീക്ഷിച്ചാൽ കാണാം. 'ശാസ്ത്രീയം' എന്ന് പറയാവുന്ന ഒരു പ്രക്രിയയിലൂടെയല്ല വാക്സിനേഷൻ സാർവ്വത്രികമായിത്തീർന്നത് എന്നാണ് ചരിത്രം നമുക്ക് പറഞ്ഞുതരുന്നത്. ഒട്ടേറെ യുക്തിരാഹിത്യങ്ങളും അപവാദങ്ങളും സ്ഥാപിതതാത്പര്യങ്ങളും ഈ 'ശാസ്ത്ര'ത്തിനൊപ്പം അന്നും ഇന്നും സഞ്ചരിച്ചിരുന്നു. രോഗങ്ങൾക്ക് കാരണം മനുഷ്യശരീരത്തിൽ കയറിക്കൂടുന്ന രോഗാണുക്കളാണെന്ന ലൂയി പാസ്ചറുടെ രോഗാണു സിദ്ധാന്തം ആണല്ലോ വാക്സിനേഷന്റെ അടിത്തറയായി വർത്തിക്കുന്നത്. എന്നാൽ ലൂയി പാസ്ചർ ഈ സിദ്ധാന്തം മുന്നോട്ടുവച്ച കാലത്തുതന്നെ പ്രമുഖ ജീവശാസ്ത്രകാരനായിരുന്ന ക്ലോദ് ബെർണാഡ് ഇതിനെ ശക്തമായി എതിർത്തിരുന്നു. രോഗാണുക്കളേക്കാൾ മനുഷ്യശരീരത്തിലെ ആന്തരിക സന്തുലിതാവസ്ഥയാണ് രോഗത്തെ നിർണ്ണയിക്കുന്ന ഘടകം എന്നതായിരുന്നു അദ്ദേഹത്തിന്റെ വാദം. വലിയ സംവാദങ്ങൾ ഇക്കാര്യത്തിൽ അന്ന് നടന്നെങ്കിലും വ്യവസായവത്കരിക്കപ്പെട്ട ചികിത്സാവ്യവസ്ഥയ്ക്ക് താത്പര്യം രോഗാണുസിദ്ധാന്തമായിരുന്നു. പ്രതിരോധശേഷി ആർജ്ജിക്കുന്നതിനുള്ള മരുന്നുകളുടെ നിർമ്മാണത്തിൽ ലാഭാധിഷ്ഠിത താത്പര്യമുണ്ടായിരുന്ന ആരോഗ്യവ്യവസായം ക്ലോദ് ബെർണാഡിന്റെ വാദങ്ങളെ തള്ളിക്കളഞ്ഞു. 'രോഗാണുസിദ്ധാന്തം' ശാസ്ത്രവും 'മനുഷ്യശരീരത്തിലെ ആന്തരിക സന്തുലിതാവസ്ഥ' അശാസ്ത്രീയവുമായി. ആരോഗ്യവ്യവസായത്തിന്റെ ഈ താത്പര്യമാണ് സാമൂഹികമായ കാരണങ്ങളെ രോഗചികിത്സയിൽ നിന്നും കാലക്രമേണ അടർത്തിമാറ്റിയത്. ആരോഗ്യമേഖലയിൽ നിലനിന്നിരുന്ന അധികാരബന്ധങ്ങൾ ദൃഢീകരിക്കപ്പെടുന്നതിന് ഇത് കാരണമായിത്തീർന്നു. ആശുപത്രികൾ അധികാരസ്ഥാപനങ്ങളായി മാറുകയും ശാസ്ത്രത്തിന്റെ കുത്തകവത്കരണത്തിലൂടെയും സാങ്കേതികതയിലൂടെയും ഈ അധികാരത്തെ നിരന്തരം പുനസ്ഥാപിക്കുകയും ചെയ്തു. ശരീരത്തിലും രോഗത്തിലും മാത്രം ഊന്നുന്ന ആധുനിക വൈദ്യശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഏറെ പരിമിതികളുള്ള ഒന്നാണെന്ന് വ്യക്തമാക്കുന്നവയാണ് വാക്സിനേഷന് എതിരെ ഉയർന്നുവരുന്ന ശാസ്ത്രീയ ചോദ്യങ്ങൾ. എന്നാൽ അതുമായി സംവദിക്കാൻ സന്നദ്ധമാകാതെ, അതെല്ലാം ദേശദ്രോഹവും മതാന്ധതയുമാണെന്ന് പറഞ്ഞ് നിശബ്ദമാക്കുന്നതിനുള്ള ശ്രമമാണ് ആധുനിക വൈദ്യശാസ്ത്രം നടത്തുന്നത്. മനുഷ്യരുടെ സ്വതന്ത്ര ഇച്ഛയെ ക്രമപ്പെടുത്താൻ ശ്രമിക്കുന്ന ആധുനിക ഭരണകൂടങ്ങളോടൊപ്പം ചേർന്നുനിന്നുകൊണ്ടാണ് സർവൈലൻസിന്റെ രൂപത്തിൽ ആധുനിക വൈദ്യശാസ്ത്രം നിർബന്ധിത വാക്സിൻ പദ്ധതി ഇന്ന് നടപ്പിലാക്കുന്നത്. ജനങ്ങളുടെ ഇച്ഛയും അധികാരവും കൂടുതൽ നിയന്ത്രിക്കാൻ ശ്രമിക്കുന്ന ഭരണകൂടത്തിന്റെ ഇടപെടലുകൾക്ക് 'ശാസ്ത്രീയ'മായ ഒരു സാധൂകരണമായി വാക്സിനേഷൻ പരിപാടി മാറി. വാക്സിനേഷനെതിരായ വസ്തുതാപരമായ വാദങ്ങൾ പോലും മാദ്ധ്യമങ്ങളിൽ നിന്നും സമ്മർദ്ദഫലമായി പിൻവലിക്കപ്പെട്ടു. വാക്സിനേഷനെക്കുറിച്ച് സംശയങ്ങളുന്നയിക്കുന്നവരെ തേടി പോലീസ് വീട്ടിലെത്തി. സംവാദം വേണ്ടെന്ന് പറയുന്ന ഈ ഫാസിസ്റ്റ് പ്രവണതയ്ക്ക് വഴങ്ങാൻ സന്നദ്ധമാകാതെ ചില വാദങ്ങൾ കേരളീയം ഈ ലക്കത്തിൽ മുന്നോട്ടുവയ്ക്കുന്നു.

ഏറെക്കാലത്തെ പഠനത്തിലൂടെ സ്വതന്ത്ര ആരോഗ്യ ഗവേഷകനായ സനൂപ് നരേന്ദ്രൻ തയ്യാറാക്കിയിരിക്കുന്ന ഒരു പഠന റിപ്പോർട്ട് ഇവിടെ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. അറുപതാണ്ട് പിന്നിടുന്ന കേരളം അനുദിനം ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹമായിമാറി എന്ന ബോധ്യത്തിൽ നിന്നുകൊണ്ട്, ഈ നീണ്ട ലേഖനം ആരോഗ്യകരമായ സംവാദങ്ങൾക്കായി സമർപ്പിക്കുന്നു. സമൂഹത്തിന്റെ ആരോഗ്യത്തെ പരിഗണിക്കുകയും ശാസ്ത്രത്തെ നിരന്തരം ചോദ്യംചെയ്ത് നവീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ആരോഗ്യരംഗത്തെ നമുക്ക് വിഭാവനം ചെയ്യാൻ കഴിയേണ്ടതില്ലേ എന്ന ചോദ്യത്തോടെ...■